"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ്-2008 - ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - സർവ്വേ നമ്പർ തെറ്റായി രേഖപ്പെടുത്തി തരംമാറ്റം അനുവദിച്ചതിനാൽ തരംമാറ്റത്തിനായി അടവാക്കിയ ഫീസ് റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(സാധാ) നം.1008/2024/RD   തീയതി,തിരുവനന്തപുരം, 14-03-2024

---

പരാമർശം:-

1. ശ്രീ നവാസ് & ശ്രീ അബ്ദുൾ ജലീൽ എന്നിവർ 30.11.2021-ൽ തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ആഫീസർക്ക് നല്കിയ അപേക്ഷ.
2. തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ആഫീസറുടെ 03.06.2023-ലെ 5315/2021 D.dis നം. നടപടിക്രമം
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 07.11.2023-ലെ LR/889/2022-LR(A4) നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ആലംകോട് വില്ലേജിൽ റിസർവ്വെ നമ്പർ 481/3, 481/1, 481/1 & 481/1 ൽ പ്പെട്ട യഥാക്രമം 01.81, 0.40, 01.81 & 01.01 ആർ ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായി, അപേക്ഷകരുടെ ആധാരത്തിൽ സർവ്വേ നമ്പർ രേഖപ്പെടുത്തിയതിലെ പിശകു മൂലം, 2,41,440/- രൂപ ഈടാക്കി, തെറ്റായ സർവ്വേ നമ്പർ പ്രകാരം തരംമാറ്റം അനുവദിച്ചു ഉത്തരവ് പുറപ്പെടുവെച്ചിട്ടുള്ളതാണെന്നും, ആയതിനാൽ, ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായി തെറ്റായി ഈടാക്കിയ 2,41,440/- രൂപ തിരികെ നൽകുന്നതിനുള്ള റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരാമർശം (2) - ലെ നടപടിക്രമം പ്രകാരം, പ്രസ്തുത തുക റീഫണ്ട് ചെയ്യുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

2. പരാമർശം (2) - പ്രകാരമുള്ള തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടി ക്രമത്തിലും പരാമർശം (3) പ്രകാരമുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിലും ചുവടെ ചേർത്ത വസ്തുതകൾ വിശദമാക്കിയിട്ടുള്ളതാണ്.

3. ചിറയിൻകീഴ് താലൂക്കിൽ ആലംകോട് വില്ലേജിൽ ഉൾപ്പെട്ട റീ സർവ്വേ നം. 481/3, 481/1,481/1,481/1 എന്നിവയിൽ പ്പെട്ട യഥാക്രമം 01.81, 0.40, 01.81 & 01.01, ആർസ് ഭൂമിയ്ക്ക്, സ്വഭാവവ്യതിയാനം വരുത്തുന്നതിനായി, ശ്രീ.നവാസ്, ശ്രീഅബ്ദുൾ ജലീൽ എന്നിവർ 2,41,440/- രൂപ അടവാക്കിയതിനെ തുടർന്ന്, പ്രസ്തുത ഭൂമിയ്ക്ക് സ്വഭാവവ്യതിയാനം അനുവദിച്ചു കൊണ്ട്, തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ആഫീസർ, 23.09.2021-ലെ RDOTVM/1446/2021 നം. നടപടിക്രമം

പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, സബ്ഡിവിഷൻ നടപടികൾക്കായി സ്ഥലപരിശോധന നടത്തിയപ്പോൾ, അപേക്ഷക്കാധാരമായ ഭൂമി, സർവ്വേ നം. 481-ന് പകരം സർവ്വേ 480-ൽ ഉൾപ്പെടുന്നതാണെന്നും, ടി ഭൂമി സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം പുരയിടം ആയതിനാൽ സ്വഭാവവ്യതിയാനം ആവശ്യമില്ലായെന്നും, അപേക്ഷകരുടെ ആധാരത്തിലെ സർവ്വേ നമ്പർ രേഖപ്പെടുത്തിയതിലെ പിശകാണ് ഇത്തരത്തിൽ തെറ്റായ സർവ്വേ നമ്പർ പ്രകാരം തരംമാറ്റം അനുവദിക്കാൻ കാരണമായതെന്നും കണ്ടെത്തുകയുണ്ടായി. ആയതിനാൽ, പിഴതിരുത്താധാരം നടത്തി റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് ഭൂരേഖ തഹസിൽദാർ ഉത്തരവ് പുറപ്പെട്ടവിക്കുകയും, അപേക്ഷകർ പിഴതിരുത്താധാരം നടത്തിയ വിവരം ആലംകോട് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന്, പരാമർശം (1)-ലെ അപേക്ഷ പരിഗണിച്ച്, സ്വഭാവ വ്യതിയാനത്തിനായി അടവാക്കിയ 2,41,440/- രൂപ റീഫണ്ട് ചെയ്യുന്നതിനായി, തിരുവനന്തപുരം സബ് കളക്ടർ പരാമർശം (2) പ്രകാരം നടപടിക്രമം പുറപ്പെട്ടവിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ, 07.08.2017-ലെ G.O.(P) No. 102/ 2017/ FIN ഉത്തരവ് പ്രകാരം, വകുപ്പ് തല അധികാരിയായ ലാന്റ് റവന്യൂ കമ്മീഷണർക്ക് റീഫണ്ട് അനുവദിക്കുന്നതിനുള്ള സാമ്പത്തിക അധികാരം ഇല്ലാത്തതിനാൽ, മേൽ പ്രകാരം അടവാക്കിയ 2,41,440/- രൂപ റീഫണ്ട് അനുവദിച്ച് ഉത്തരവാകുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരമുള്ള തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമത്തിലെയും, പരാമർശം (3) പ്രകാരമുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിലെയും വസ്തുതകളുടെ അടിസ്ഥാനത്തിൽ, ചിറയിൻകീഴ് താലൂക്കിൽ ആലംകോട് വില്ലേജിൽ സർവ്വേ 480-ൽ ഉൾപ്പെട്ട സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം പുരയിടം ആയ ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായി, തെറ്റായി ഈടാക്കിയ 2,41,440/- രൂപ (രണ്ട് ലക്ഷത്തി നാല്പ്പത്തൊന്നായിരത്തി നാനൂറ്റി നാല്പ്പത് രൂപ), അപേക്ഷകർക്ക് റീഫണ്ട് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHAHANSHA.A**

അണ്ടർ സെക്രട്ടറി

ശ്രീ. നവാസ് & ശ്രീ അബ്ദുൾ ജലീൽ, അൽമഫാസ്, പൊയ്കയിൽ, തോന്നയ്ക്കൽ പി.ഒ, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
സബ് കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരളം, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്ബ് & ന്യൂ മീഡിയ)/ പ്രസ്സ് റിലീസ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sujith G R
Date: 14-03-2024 15:11:47

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ - യ്ക്ക്
ബഹു.റവന്യൂ (പി ) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ - യ്ക്ക്